**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി - എ.ഡി.എസ് - ഇടുക്കി ജില്ല - ഇടുക്കി നിയോജകമണ്ഡലത്തിലെ പഴയരിക്കണ്ടം ഗവൺമെന്റ് ഹൈസ്കൂളിന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവർത്തി പൂർത്തീകരിക്കുന്നതിന് ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

**സ.ഉ.(സാധാ)നം. 5524/2024/പൊ.വി.വ തിരുവനന്തപുരം, തീയതി, 31.08.2024**

---

പരാമർശം :- 1) 09.12.2016 - ലെ സ.ഉ (പി) നമ്പർ. 178/16/ധന
2) 05.03.2019 - ലെ സ.ഉ (സാധാ) നമ്പർ. 1648/19/ധന
3) ഇടുക്കി ജില്ലാ കളക്ടറുടെ 16.08.2023 ലെ LSGD/JD/IDK/3442/2023 -D1/ADS നമ്പർ നടപടിക്രമം
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.02.2024 തീയതിയിലെ ബി2/868/2023/ ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2022 - 23) നിന്നും പഴയരിക്കണ്ടം ഗവൺമെന്റ് ഹൈസ്കൂളിന് ' 4202-01-800-84- Project under LAC- ADS other Project - NP ' എന്ന ശീർഷകത്തിൽ നിന്നും 14,68,785/- (പതിനാല് ലക്ഷത്തി അറുപത്തി എട്ടായിരത്തി എഴുനൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) രൂപ വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ GEM Portal വഴി വാഹനം വാങ്ങിയിട്ടുണ്ടെന്നും ആയതിനാൽ വാഹനം വാങ്ങുന്നതിന് ചെലവായ 14,47,453/- (പതിനാല് ലക്ഷത്തി നാല്പത്തി ഏഴായിരത്തി നാനൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) രൂപ അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഇടുക്കി നിയോജകമണ്ഡലത്തിലെ പഴയരിക്കണ്ടം ഗവൺമെന്റ് ഹൈസ്കൂളിന് വാഹനം വാങ്ങിയ തുകയായ 14,47,453/- (പതിനാല് ലക്ഷത്തി നാല്പത്തി ഏഴായിരത്തി നാനൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) രൂപ നടപ്പ സാമ്പത്തികവർഷം ' 4202-01-800-84- Project under LAC- ADS other Project (NP) ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത.എസ്.ജോർജ്ജ്**
**അണ്ടർ സെക്രട്ടറി**

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, ഇടുക്കി
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം.
4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
6. ധനകാര്യ വകുപ്പ് (14.06.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ E 2730571/NC-B3/57/2024 - FIN പ്രകാരം)
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by**
**Sajitha.V**
**Date:03.09.2024 14:34:18**
സെക്ഷൻ ഓഫീസർ